## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3065 | 20.06.2014 -ൽ മറുപടി നൽകേണ്ടത്

### നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജു പോൾ | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | (എ) പ്രവൃത്തിയുടെ പുരോഗതി ചീഫ് ടൗൺ പ്ലാനർ തുടർച്ചയായി വില യിരുത്തുന്നുണ്ട്. ഇതുവരെ 18 അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാല് അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. വകുപ്പ് മന്ത്രി മൂന്ന് പ്രാവശ്യം നഗരങ്ങൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയുണ്ടായി. കൂടാതെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച് നഗരസഭാ ചെയർമാൻമാരും, ഡി.പി.സി ചെയർമാൻമാരുമായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി 15-01-2014-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ വിശദീകരണയോഗം നടത്തുകയുണ്ടായി. |
| (ബി) ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ; | (ബി) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇവയിൽ 31 മാസ്റ്റർ പ്ലാനുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാനുകളുടെ സ്ഥിതിവിവരം താഴെ ചേർക്കുന്നു. |

ഒന്നാം ഘട്ടത്തിലെ നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ

**I <u>ഡെവലപ്പ് മെന്റ് പ്ലാൻ (അംഗീകരിച്ചവ)</u>**

പരവൂർ (കൊല്ലം ജില്ല), ചങ്ങനാശ്ശേരി, വൈക്കം, തലശ്ശേരി, മലപ്പുറം

**II <u>ഡെവലപ്പ് മെന്റ് പ്ലാൻ (പ്രസിദ്ധീകരിച്ചവ)</u>**

കൊല്ലം, അടൂർ, കണ്ണൂർ, തിരുവനന്തപുരം, നോർത്ത് പറവൂർ, തൃശൂർ, ഗുരുവായൂർ, കാസർഗോഡ്, മൂവാറ്റുപുഴ, കൽപ്പറ്റ, പാല, പത്തനംതിട്ട,

**III <u>പ്രസിദ്ധീകരണാനുമതി ലഭിച്ചവ)</u>**

കോതമംഗലം, വടകര

**IV ജോയിന്റ് ടൗൺ പ്ലാനിംഗ് കമ്മിറ്റി/ <u>മുനിസിപ്പാലിറ്റിക്ക് സമർപ്പിച്ചവ</u>**

കൊച്ചി (കൊച്ചി കോർപ്പറേഷനും തൃപ്പൂണിത്തുറ, കളമശ്ശേരി, ഏലൂർ, തൃക്കാക്കര, മരട് എന്നീ പട്ടണങ്ങളും ഉൾപ്പെടെ), പെരുമ്പാവൂർ, തിരുവല്ല, കായംകുളം, കോഴിക്കോട്, കോട്ടയം.

**V <u>കരട് പ്ലാനുകൾ വകുപ്പുതലത്തിൽ പൂർത്തിയാക്കിയവ</u>**

തൊടുപുഴ, ആലപ്പുഴ, നെയ്യാറ്റിൻകര, ആലുവ, അങ്കമാലി

ഇതു കൂടാതെ ഇടുക്കിയുടെ മാസ്റ്റർ പ്ലാൻ റിവിഷനും (മരിയാപുരം, വാഴത്തോപ്പ് പഞ്ചായത്തുകൾക്ക് പ്രത്യേകം പ്ലാൻ) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**VI പ്രസിദ്ധീകരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചവ**

പാലക്കാട്

രണ്ടാം ഘട്ടത്തിൽ താഴെപ്പറയുന്ന 29 നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ പെരിന്തൽമണ്ണ, കുന്നംകുളം, കൊയിലാണ്ടി എന്നീ നഗരസഭകളുടെ കരട് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | തയ്യാറാക്കിക്കൊണ്ടിരിക്കുന്ന മറ്റു മുനിസിപ്പാലിറ്റികളുടെ വിവരം ചുവടെ കൊടുക്കുന്നു.<br><br>1. ആറ്റിങ്ങൽ 2. നെടുമങ്ങാട് 3. വർക്കല<br>4. കരുനാഗപ്പള്ളി 5. പുനലൂർ 6. ചെങ്ങന്നൂർ<br>7. ചേർത്തല 8. മാവേലിക്കര 9. ചാലക്കുടി<br>10. ചാവക്കാട് 11. ഇരിങ്ങാലക്കുട<br>12. കൊടുങ്ങല്ലൂർ 13. ചിറ്റൂർ - തത്തമംഗലം 14. ഒറ്റപ്പാലം 15. ഷൊർണൂർ<br>16. കോട്ടയ്ക്കൽ 17. മഞ്ചേരി 18. നിലമ്പൂർ<br>19. പൊന്നാനി 20. തിരൂർ<br>21. കൂത്തുപറമ്പ് 22. മട്ടന്നൂർ<br>23. പയ്യന്നൂർ 24. തളിപ്പറമ്പ് 25. കാഞ്ഞങ്ങാട്<br>26. നീലേശ്വരം |
| (സി) | പെരുമ്പാവൂർ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ? | (സി) | പെരുമ്പാവൂർ മുനിസിപ്പൽ ഏരിയയുടെ കരട് റിവൈസ്ഡ് മാസ്റ്റർ പ്ലാൻ ചീഫ് ടൗൺ പ്ലാനർ മുനിസിപ്പിൽ കൗൺസിലിന്റെ അംഗീകാരത്തിനു വേണ്ടി അയച്ചു കൊടുത്തിരുന്നു. ആയതിൽ കൗൺസിൽ പ്ലാനിൽ ചില ഭേദഗതികൾ നിർദ്ദേശിച്ച പ്രകാരം ടി വിഷയത്തിൽ സീനിയർ ടൗൺ പ്ലാനർ, എറണാകുളം നഗരസഭയുമായി ചർച്ച നടത്തുകയും ചർച്ചയുടേയും സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് കരട് മാസ്റ്റർ പ്ലാൻ വീണ്ടും പരിഷ്കരിച്ച് മുനിസിപ്പാലിറ്റിയ്ക്ക് അയച്ചുകൊടുത്തതിന്മേൽ മുനിസിപ്പാലിറ്റിയുടെ യോഗ തീരുമാനം ഇതുവരെ ലഭ്യമായിട്ടില്ല. |

Rajeev

സെക്ഷൻ ഓഫീസർ